"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി - പ്രത്യേക വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3062/2022/LSGD തീയതി,തിരുവനന്തപുരം, 09-12-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 2578/2022/തസ്വഭവ; തീയതി 22.10.2022
2. സ.ഉ.(സാധാ)നം. 7733/2022/ധന; തീയതി 16.11.2022
3. സ.ഉ.(സാധാ)നം. 7743/2022/ധന; തീയതി 16.11.2022
4. സ.ഉ.(സാധാ)നം. 2894/2022/തസ്വഭവ; തീയതി 22.11.2022
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 21.11.2022-ലെ യോഗ തീരുമാനം (ഇനം 3.1)

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതിയിൽ അനിവാര്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. എന്നാൽ ഇതിനുശേഷം ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയുടെ ഭാഗമായും അല്ലാതെയും പ്രത്യേക വിഹിതം ലഭ്യമായിട്ടുണ്ട്.

2. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും പരാമർശം 4 പ്രകാരം പ്രത്യേക ഗ്രാന്റ് ലഭിച്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 38 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കേണ്ടതുണ്ട്. പി.എം.എ.വൈ ഉൾപ്പെടെ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം ഇപ്പോൾ ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ചതുപോലെ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ ഭാഗമായോ അല്ലാതെയോ ഏതെങ്കിലും ഇനത്തിൽ പുതുതായി വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2022-23 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

3. കേരളത്തിൽ ഏറ്റവും കൂടുതൽ നെൽക്കൃഷിയുള്ള പാലക്കാട് ജില്ലയിലെ ജലസേചന കനാലുകളിലെ ശോച്യാവസ്ഥ കാരണം പാടശേഖരങ്ങളിൽ ജലമെത്തിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. ഈ പ്രത്യേക സാഹചര്യം പരിഗണിച്ച്, നെൽക്കൃഷി സംരക്ഷിക്കുന്നതിന്റെ കൂടി ഭാഗമായി, ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ജലസേചന കനാലുകളിലൂടെയുള്ള ജലനിർഗമനം സുഗമമാക്കുന്നതിന് അനിവാര്യമായ പ്രോജക്ടുകൾ

വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതിന് പരാമർശം 5 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് പാലക്കാട് ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പാലക്കാട് ജില്ലാപഞ്ചായത്തിനും അനുവാദം നൽകിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു. ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആ വകുപ്പിന്റെ നേതൃത്വത്തിൽ നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കി വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഏതൊക്കെ പ്രവൃത്തികളാണ് എടുക്കുന്നതെന്ന് മുൻകൂട്ടി ധാരണയാകണം. സംയുക്തമായി നടപ്പാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയുംവിധം ജലസേചന വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും പൊതുവായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ആസൂത്രണസമിതി സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് പൊതു വിഭാഗം-സാധാരണ വിഹിതം, തനത്ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്.

4. ഈ ഉത്തരവ് പ്രകാരം ഭേദഗതി അനിവാര്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് മുഖേന ആവശ്യപ്പെടുന്നതനുസരിച്ച് പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്ത് കൊടുക്കുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

5. ഈ ഉത്തരവ് പ്രകാരമുള്ള ഭേദഗതി സംബന്ധമായ എല്ലാ നടപടികളും പൂർത്തിയാക്കി പരിഷ്കരിച്ച വാർഷിക പദ്ധതി 2022 ഡിസംബർ 22-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
22. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
23. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
24. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
25. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
26. ഡയറക്ടർ ജനറൽ, കില
27. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
28. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
29. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
30. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
31. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
32. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
33. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
34. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 09-12-2022 14:57:53**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്